പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3029 **29-10-2026-ൽ മറുപടിയ്ക്ക്**

നിലമ്പൂർ ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്. കൊമേഴ്സ് വിഭാഗത്തിനായി പുതിയ രണ്ട് കോഴ്സുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വി.എച്ച്.എസ്.ഇ. കൊമേഴ്സ് വിഭാഗത്തിലേക്ക് പുതിയ രണ്ട് കോഴ്സുകൾ അനുവദിക്കുകയോ മറ്റേതെങ്കിലും സ്കൂളുകളിൽ വിദ്യാർത്ഥികളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന കൊമേഴ്സ് വിഭാഗത്തിലെ കോഴ്സുകൾ ഈ സ്കൂളിലേക്ക് മാറ്റി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: 2026-27 അക്കാദമിക വർഷത്തിലെ സ്റ്റാഫ് ഫിക്സേഷൻ പ്രക്രിയ പുരോഗതിയിലാണ്. ആയതിന്റെ നില പരിശോധിച്ച് നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ്റ് മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വി. എച്ച്.എസ്.ഇ. കൊമേഴ്സ് വിഭാഗത്തിലേക്ക് പുതിയ രണ്ട് കോഴ്സുകൾ അനുവദിക്കുകയോ മറ്റേതെങ്കിലും സ്കൂളുകളിൽ വിദ്യാർത്ഥികളില്ലാതെ ഒഴിഞ്ഞുകിടക്കുന്ന കൊമേഴ്സ് വിഭാഗത്തിലെ കോഴ്സുകൾ ഈ സ്കൂളിലേക്ക് മാറ്റി നൽകുകയോ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ